Well, what am I, a sensitive creature, to make of all this ? Generation after generation, philosophers and social reformers have vied, quarrelled, and fought with one another over this eternal If, haven't they ? Volumes no sooner read than to be used as shaving paper. I've approached married people with the idea of illuminating myself : they are as vague and tantalising as ever. And — to be frank with the reader I had precociously, unnecessarily (so it

seems to me now) thought and argued within myself times out of number about it till I got my clue to this puzzle of puzzles . .....

In this grim loneliness of my study I sit, a solitary bachelor, setting pen to paper under the midnight lamp. The refreshing showers are coming ; the rain is pattering on the roof and down the eaves drip the water. As I write, I hear the many voices of the night. There's nothing but darkness outside my window, but the voices are breaking in upon the monotony of the night. Dogs yap and yap, Lizards chirp while tiny moths produce a shrill tune. The year is dying. Ah ! there come from afar the notes of a Church bell tolling the knell of the dying year.

"Ring out the old, ring in the new,
Ring, happy bells, across the snow;
The year is going, let him go ;
Ring out the false, ring in the true!"

My New Year resolution is to break—But I must get on with the subject.

Said the self satisfied clairvoyant, that marriages are made in heaven. And end in hell, chimed in the cynic. I am convinced that like all other institutions of the world it is man-made. It is of the earth, earthy, I'm not prepared to attach any divine significance to an institution which man devised at a certain stage in the process of civilisation to suit his convenience. A caprice once suggested to him that he must be 'moral' (in the loose sense of that much—abused word). And, heedlessly, without thinking twice before he did it, he developed this appendage.

Here, then. is the core of the matter,— call it, if you like, a necessary social evil. At this time of day you must not think of breaking it up. Society will ostracise you if you attempt a cataclysm on one of its most treasured virtues.The bitterest calumniator of marriage, Godwin himself, found it necessary to marry twice. And you know what happened to Shelley, his son-in-law. Poor, wounded creature, deceived by his quixotic dreams!

Nor will society allow the rank libertinism of a Don Juan. Think of Byron with his assumed misanthropy, hopelessly cursing humanity for its supposed misdemeanours when he could do nothing else. Regard it, my friends, as an invention used by society to check its erring members. Apply the critique of common sense to this vexatious question, and it ceases to be vexation. Take it or leave it, as it comes your way. The less talk about it, the better : the less thought about it, the wiser. After all, marriage is not the only occupation of humanity,

That, in my view, is the proper approach to marriage. If you want to live in a Utopia without it, such as Shelly and others of his tribe dreamed of, you had better go to Methuselah with Bernard Shaw as a guide.



THE PRINCIPAL

*Sketch by MADHU.*

UNIVERSITY LIBRARY
10 APR 1952
MADRAS

# പ്രേതലോകം.

ആത്മവാദത്തിൻെറ ഉത്ഭവം, ഉല്പത്തിഷ്ണുക്കളെ അസാധാരണമാംവിധം അത്ഭുതപരതന്ത്രരാക്കിയിട്ടുണ്ട്. പരിഷ്കൃതമായ ഒരു ജനവിഭാഗത്തിന്നു, ഭൂതപിശാചുക്കളെക്കുറിച്ചാലോചിക്കാൻ പോലും സാദ്ധ്യമല്ലെന്ന അഭിപ്രായം പാശ്ചാത്യരാജ്യങ്ങളിൽ പരന്നിരുന്നു.

ആത്മവാദത്തിൻെറ ആരംഭം അമേരിക്കയിൽനിന്നാണ്. ഗൃഹങ്ങളുടെ പുരോഭാഗത്തുള്ള വാതായനങ്ങളിൽ അപ്രതീക്ഷിതമായ ചില തട്ടലും മുട്ടലും കേൾക്കുന്നതു സാധാരണമാണല്ലോ. പതിനെട്ടാം നൂററാണ്ടിൻെറ അന്തിമകാലത്തു ന്യൂയോർക്കിലെ ചന്ദ്രശാലകളെയും, രമ്യഹർമ്മങ്ങളേയും, ഇത്തരം ശബ്ദങ്ങൾ അസഹ്യപ്പെടുത്തി. ജിജ്ഞാസുക്കളായ ന്യൂയോർക്ക് നിവാസികൾ അതു കാററിനാലോ, വല്ല പ്രകൃതി സംഭവത്താലോ ഉണ്ടാകുന്നതല്ലെന്നും, നിഗൂഢമായ എന്തൊ ഒരു ആത്മീയശക്തിയുടെ സ്വചരന്ദവിഹാരമാണ് അതിന്നു കാരണമെന്നും തെളിയിച്ചു. പ്രകൃതിശാസ്ത്രത്തിൻെറ പ്രേരകശക്തിയുടെ ഒരു വകഭേദമായിട്ടാണ് പ്രേതലോകത്തെ പതിനെട്ടാം നൂററാണ്ടിലെ ശാസ്ത്രജ്ഞന്മാർ നിർവ്വചിച്ചതു്.

ഉൽക്കണ്ഠ പ്രകൃതിശാസ്ത്രജ്ഞന്മാരെ ഏതദ്വിഷയത്തിലേക്കാനയിച്ചു. ആത്മാന്വേഷകസംഘമെന്ന പേരിൽ ശാസ്ത്രജ്ഞന്മാരുടെ ഒരു സംഘം രൂപീകരിക്കപ്പെട്ടു. നമ്മുടെ നാട്ടിൽ 'പിശാചുബാധ' സാധാരണ കണ്ടുവരാറുള്ള ഒരു സുഖക്കേടാണ്. പിശാചു ബാധിച്ചവർ ചില പ്രത്യേകാവസരങ്ങളിൽ അവരുമായി ബന്ധമില്ലാത്ത വർത്തമാനങ്ങൾ ഉച്ചത്തിൽ പറയുന്നുണ്ടെന്നതു തർക്കമററ സംഗതിയാണ്. ഈ അവസരത്തിൽ പറയുന്നതെന്താണന്നു, അല്പസമയത്തിന്നുള്ളിൽ അവർതന്നെ മറന്നുപോകുന്നു. ഇത്തരക്കാരെ 'ആവേശപാത്ര'ങ്ങളെന്നാണ് വിളിക്കാറ്. മൺമറഞ്ഞവരുടെ ആത്മാക്കൾ ഇവരിൽ കടന്നുകൂടി കണ്ഠക്ഷോഭം ചെയ്യുകയാണെന്നും, അതു മരിച്ചവരും അവരുടെ ബന്ധുക്കളും തമ്മിലുണ്ടാകുന്ന സാധാരണ സംഭാഷണങ്ങളാണെന്നും, ആത്മവാദതത്വാന്വേഷകന്മാർ പറയുന്നു. ആത്മവാദക്കാർ നേരിൽ കണ്ടറിഞ്ഞ ഏവംവിധങ്ങളായ സംഭവങ്ങളെ ശേഖരിച്ച ഒരു മാസിക തത്വാന്വേഷകസംഘം നടത്തുന്നുണ്ട്. 'പ്രൊസീഡിംഗ്സ്'' എന്നാണതിൻെറ പേർ.

ഇവയിലെത്രത്തോളം വാസ്തവമുണ്ടെന്നു വിചിന്തനം ചെയ്യേണ്ട കാലം സമാഗതമായിരിക്കുന്നു. ആത്മവാദത്തിൻെറ പ്രകാശകന്മാരിലഗ്രഗണ്യനും, പ്രചാരകനുമായ സർ ഒലിവർ ലാഡ്ജ് റൈമണ്ടു (Reymond-Revised) എന്നൊരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. തൻെറ മകൻ റൈമണ്ടിൻെറ മരണാനന്തരം, അദ്ദേഹവും മകനും സംസാരിച്ച സംഭാഷണങ്ങളുടെ ഉള്ളടക്കമാണ് മേൽപറഞ്ഞ പുസ്തകം. ഒരുദാഹരണം പ്രസ്താവിക്കുന്നതു കൂടുതൽ ഉപകാരപ്രദമായിരിക്കും. ഒലീവർലോഡ്ജ്, വേഷപ്രച്ഛന്നനായി ഒരാവേശപാത്രത്തിൻെറ വീട്ടിൽപോയി. പിശാചുബാധയുള്ള ഒരു സ്ത്രീയായിരുന്നു ആവേശപാത്രം. ഒലീവറിനെ കണ്ട ഉടനെതന്നെ ആവേശപാത്രത്തിന്നു മോഹാലസ്യമുണ്ടായി. സ്ത്രീ പിച്ചും പേയും പറയാൻ തുടങ്ങി. ഒലീവർലോഡ്ജിൻെറ ചോദ്യവും, സ്ത്രീയുടെ മറുപടിയും താഴെ കൊടുക്കാം.

ഒലീവർലോഡ്ജ്:-- ആരാണ് സംസാരിക്കുന്നതു്.

സ്ത്രീ:—ഞാൻ; റൈമണ്ടു.

ഒലീവർ:—കളവു പറയരുതു. എന്നാൽ റൈമണ്ടിനെ വഞ്ചിക്കാൻ സാധിക്കുമോ?

സ്ത്രീ:—ഉവ്വ്;

സ്ത്രീ റൈമണ്ടിനെ വഞ്ചിച്ചു. വഞ്ചനയിൽനിന്നു റൈമണ്ടാണ് സംസാരിക്കുന്നതെന്നു ഒലീവറിന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടായിരുന്നില്ല.

സ്ത്രീ:—അമ്മക്കും 'പാററിന്നും' എൻെറ അന്വേഷണം പറയണം.

ഒലീവർ:—ആരാണീ, 'പാററു?'

ഇത്രയും ആയപ്പോഴെക്കും, സ്ത്രീ മോഹാലസ്യത്തിൽനിന്നുണർന്നു; ആ സംഭാഷണം, അദ്ധോക്ഷിയിൽ കുറിക്കപ്പെട്ടു. മർമ്മജ്ഞനായ ആ തത്വാന്വേഷകൻ വീട്ടിലെത്തിയ ഉടനെ കുട്ടികളോടു 'പാററി'നെ അറിയുമോ എന്നന്വേഷിച്ചു. ഉത്തരക്ഷണത്തിൽ അവർ ആളെ കാണിച്ചു. ഒലീവറിൻെറ കനിഷ്ഠപുത്രനായിരുന്നു 'പാററ്'. 'പാററ്'' എന്നു വിളിക്കുവാനുള്ള കാരണമെന്താണെന്നു ഒലീവർ മകനോടു ചോദിച്ചപ്പോൾ, താൻ ഹോക്കി കളിക്കുമ്പോൾ, പാറെറന്ന് അഭിസംബോധനം ചെയ്തു പ്രോത്സാഹിപ്പിക്കാറുണ്ടു എന്നായിരുന്നു മകൻെറ മറുപടി. അച്ഛനും മകനും തമ്മിൽ ന

ടന്ന നിരവധി രസകരമായ സംഭാഷണങ്ങഠം ഈ പുസ്തകത്തിലടങ്ങീട്ടുണ്ട്.

ആത്മവാദത്തിൻെറ മറെറാരു വിഭാഗമാണ് പരമനഃസംക്രമം. (Telepathy) അന്യരുടെ മനസ്സിലുള്ളതിനെ ചിലപ്പോഠം നാം നിനച്ചു പറയാറുള്ളതു മിക്കപ്പോഴും ശരിയാകാറുണ്ട്. ഇതിനെ പരമനഃസംക്രമം എന്നു വ്യപദേശിക്കാം. ഒരാളുടെ മനസ്സിലുള്ളതിനെ മറെറാരാഠം ആയാഠം പറയുന്നതിനുമുമ്പായി പറഞ്ഞു, ശരിപ്പെട്ടന്നുണ്ടെങ്കിൽ, ആ രണ്ടാളുകളുടേയും ആത്മാക്കഠം തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നാണ് പ്രസിദ്ധ 'ആത്മവാദശാസ്ത്രജ്ഞനായ ആർതർ ഹിൽ, 'സ്പിരിച്ച്വാലിസം' (Spiritualism) എന്ന പുസ്തകത്തിൽ എഴുതിയിട്ടുള്ളതു. മനോനുവാചനം (Mindreading) എന്നും ഇതിനെ വ്യവഹരിക്കാറുണ്ട്. മനഃശാസ്ത്രപരമായ രഹസ്യങ്ങളാണ് ഇവയുടെ നിദാനമെന്ന വാദത്തിന്നും പാശ്ചാത്യ ചിന്തകന്മാരിൽ ആനുകൂല്യമുണ്ടായിട്ടുണ്ട്.

കുറെ ചങ്ങാതികഠം ഒരു സ്ഥലത്തു കൂടിയിട്ടുണ്ടെന്നിരിക്കട്ടെ. അവരുടെ ആത്മസുഹൃത്തുക്കളിലൊരാഠം അവിടെയില്ലെങ്കിൽ, ആയാളെപ്പററി സംസാരിക്കുകയും, ആയാഠംക്കവിടെ എത്താൻ സാധിക്കാത്തതിൻെറ കാരണങ്ങളെ ആരായുകയും ചെയ്യുക സാധാരണമാണ്. പെട്ടെന്നു ആ സ്നേഹിതൻ അവിടെ 'പ്രത്യക്ഷ'പ്പെടുകയാണെങ്കിൽ "നിങ്ങളെപ്പററി ഇപ്പോഠം സംസാരിച്ചിട്ടേ ഉള്ളു; അപ്പോഴേക്കും ഇവിടെ എത്തിയല്ലോ,! ഭാഗ്യവാൻ?" എന്നൊക്കെ മുഖസ്തുതി ചെയ്യുന്നതു നാം സാധാരണമായി കേഠംക്കാറുണ്ട്. ഇതേ മാതിരിയുള്ള നമ്മുടെ പ്രവചനങ്ങഠം ശരിയായി പ്രത്യക്ഷത്തിൽ കാണുന്നതു ദുർല്ലഭമല്ല. ആത്മവാദത്തിൻെറ ഒരിനമായിട്ടാണ് ഇത്തരം സംഭവങ്ങളെ പരിഗണിച്ചു വരുന്നതു്. നാം ചിലപ്പോഠം ആലോചനാരഹിതരായി ചില ശാപങ്ങഠം മററുള്ളവരിൽ വർഷിക്കാറുണ്ട്. കാലചക്രത്തിൻെറ തിരിച്ചലിൽ ശാപങ്ങഠം യഥാർത്ഥങ്ങളായി പരിണമിക്കാറുള്ളതും പരമാർത്ഥമാണ്. ശാപങ്ങഠംക്കും, മററം പ്രചോദനം നല്കുന്നതു, ആത്മവാദമാണെന്ന അഭിപ്രായം പാശ്ചാത്യരിൽ അനുദിനം പ്രബലപ്പെട്ടുവരുന്നു.

'പ്രൊസീഡിംഗ്സിൽ' രേഖപ്പെടുത്തിയ ഒരു സംഭവം ഈയവസരത്തിൽ പ്രസ്താവയോഗ്യമാണ്. സ്കോട്ടലണ്ടിലെ ഉയൎന്ന പ്രദേശത്തിൽ താമസിച്ചിരുന്ന ഒരു പാതിരിയെ, ഇംഗ്ലണ്ടിലെ ഒരു വടക്കൻജില്ലയിൽ താമസിക്കുന്ന, തൻെറ അമ്മായി ഒരു ദിവസം സന്ദർശിച്ചു. അവസാനം അവർ പിരിയുന്ന അവസരത്തിൽ, അതിഥിയും ആതിഥേയനും തമ്മിൽ ഒരു സംഭാഷണം നടന്നു.

പാതിരി:—അമ്മായി ഇനിയെന്നുവരും?

അമ്മായി:—ഞാൻ മരിച്ചാലെങ്കിലും നിങ്ങളങ്ങോട്ടു വരുമോ?

പാതിരി:—(തമാശയിൽ) അമ്മായി മരിച്ചാലിങ്ങോട്ടു വന്നേയ്ക്കു !

അവർ പിരിഞ്ഞു. ഏകദേശം രണ്ടുമാസം കഴിഞ്ഞു. അന്തരീക്ഷം കാർമേഘത്താൽ കറുകറുത്ത ഒരു സായാഹ്നത്തിൽ, പാതിരി ഗൃഹാന്തർഭാഗത്തു എന്തോ തിരക്കായ ജോലി ചെയ്യുമ്പോഠം പുറത്തെ വാതിലിന്നാരോ മുട്ടുന്നതുപോലെ തോന്നി. സംശയനിവൃത്തിക്കായി പാതിരി ഉടൻതന്നെ വാതിൽ പോയി തുറന്നു. ആയാളാകപ്പാടെ അമ്പരന്നു; കാരണം മറെറാന്നുമായിരുന്നില്ല. കയ്യുമുയർത്തി അമ്മായി നില്ക്കുന്നതാണ് അദ്ദേഹം കണ്ടതു്. രണ്ടുനിമിഷത്തിന്നുള്ളിൽ ആ രൂപം അപ്രത്യക്ഷമാവുകയും ചെയ്തു. എത്ര തിരഞ്ഞിട്ടും, അമ്മായിയെ പിന്നെ അയാഠംക്ക് കാണ്മാൻ സാധിച്ചില്ല. പിന്നെ ആ പാതിരിക്കൊരു കമ്പി കിട്ടി. "ഇന്നലെ 4½ മണിക്കു അമ്മായി മരിച്ചു". 4½ മണിക്ക്—മരിച്ച സമയം തന്നെയാണ് പാതിരി ഈ മായാദർശനം കണ്ടതും.

ഭാരതത്തിലാണ് ഈ ശാസ്ത്രം കൂടുതൽ പരിപോഷിക്കുക. പാമരജനങ്ങളിൽ, ഭൂതപ്രേതപിശാചുക്കളെ വിശ്വാസമുള്ളതായി നമുക്ക് കാണ്മാൻ സാധിക്കും. അവസ്ഥാഭേദവും, അഭിപ്രായവും, ഏതുതരത്തിൽപ്പെട്ടതായാലും, ഇത്തരം ശാസ്ത്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നതു, ഈശ്വരശക്തിയുടെ മാററ കൂട്ടുവാൻ കൂടുതൽ സഹായിക്കും.

യൂറോപ്പിലിപ്പോഠം അനേകം ശാഖകളും ഉപശാഖകളും ആത്മവാദതത്വാന്വേഷകസംഘടനകളുണ്ട്. ഇന്ത്യയിൽ അവയെക്കുറിച്ചുള്ള പുസ്തകങ്ങഠംപോലും വിരളമാണ്.

—എൻ. പി. മുഹമ്മദ്,
(സീനിയർ ഇൻറർ)

# The Craze for Cricket

(P. N.)

Cricket is very much in the air now-a-days. You hear every second man you meet doling out his unwanted opinions about the 'King of Games'. I have noticed even clerks from Goverment offices (or Non-gazetted officers, if they prefer it that way), talking about spins and late-cuts! Yes. The fact is clearly evident — India is going cricket-crazy.

Once cricket was the passion of a few athletes. Now it has developed into a fashion of society. If you cannot pass verdicts upon Merchant's century or Mankad's spins, you are a complete wash-out in social circles. You have not the ghost of a chance to come up to the mark.

A few years ago films were reigning supreme. You never shone in society—that is, of course, sophisticated society, — without knowing what Mr. Himansu Rai's feelings were when his wife made love to Ashok Kumar on the screen, or how many times Hedy LaMarr was married. With much patience and more trouble I managed to air my views about film-land. We all wish to become stars of society, and I am no exception. That difficulty was overcome. But now the fashion of Society has changed completely. To-day, the cream of society is more interested in Hafeez's hair-cut or Nimbalkar's eye-brow.

As I said before, I never relished the idea of being a nobody among my friends. I turned my attention to cricket and learned at least some home truths which I shall relate presently. I took care not to miss a single opportunity of witnessing a cricket match, though it bored me stiff to sit in the sun for the best hours of a day and stare at the players who down here seem to possess or exhibit little skill. I studied carefully what Learie Constantine or Patsy Hendren had to say on yesterday's match and repeated it. At first I was anxious that I might be found out. But I found that my fears were groundless. I discovered that everybody was on the same track, abused the captain if the correspondent's report did so, or praised him if the report was in that mood. My listeners took it nonchalantly as if they were the speakers' original opinions and views.

I once asked a friend who styled himself a cricket Encyclopaedia,— What that beautiful word 'googly' meant. He told me 'You get a googly when a ball goes off like this'. He made a movement with his hand turning it one side. I was not much enlightened, the reason being he was as much in ignorance as I myself was. At least I have the satisfaction of not being a hypocrite.

When the last Test between India and England was being played, I found

to my amazement so many little boys, none of them more than thirteen, discussing and recalling incidents from the 1932 Test. They were producing accurate statistics!

As I don't think that cricket can foster a slavish mentality, though our enemy's national game, I still continue the art of courting and studying it. But sometimes the strain is great, and then I wish: 'If only we were not going so Cricket-crazy'!



**Clouds**

*Photograph—*

by HARI SANKAR RAO (J. I.)

# സാന്ത്വനം

പ്രേമദമോ നിന്മിഴിയേവം നിറപ്പതെ-
ന്നോമലേ! വാസ്തവം ചൊല്ലിയാലും
കാമുകദൾനാസക്തിയോ നിന്മനം
ഭാമിനീ! സന്തപ്തമാക്കിടുന്നു?
ശൂന്യമായ്തോന്നുന്നുവെന്നോ വിരഹത്തിൽ
ലോകംമുഴുവനും ശാന്തശീലേ?
വിസ്മൃതയായിനിൻ പ്രേമനിധിയാലെ-
ന്നോർത്തുനീയുൾത്തളിർ വാട്ടിടൊല്ലേ!
പ്രേമമാംവ്യാമോഹ മന്ധമായ്തീക്കൊലാ
കോമളമാകുംനിൻ മാനസത്തെ.
അസ്ഥിരമാകുമീ മാനവലോകത്തിൽ
സ്സുസ്ഥിരപ്രേമമോ ദുർല്ലഭംതാൻ!
പ്രേമയാഗത്തിനായ് ജീവിതമീവിധം
ഹോമിക്കയെന്നത ധർമ്മമല്ലീ?
തുച്ഛനിരാശയാൽ വ്യർത്ഥമാക്കീടൊലാ
നിസ്തുലമാകുംനിൻ ജീവിതത്തെ.
നിർമ്മലസ്നേഹമണിനാദം നിന്മന-
മെന്നുംമുഖരിത മാക്കിടട്ടെ!
അമ്മണിനാദത്തിൻ മാറ്റൊലിയാശ്വാസ
മെന്നുമരുളും നിനക്കു നൂനം.
സ്നേഹത്തിൻ പൊന്നൊളി നൈരാശ്യധൂമത്താൽ
കേവലമാവൃതമാക്കിടൊല്ലേ!
സ്നേഹാമൃതത്താൽ ഹൃദയക്ഷതങ്ങളു-
മോമലേ! തീരെയുണങ്ങുമല്ലോ
അപ്പൊന്നുറവാലകന്നിടാസ്സന്താപ-
മുത്തമേ! ലോകത്തിലൊന്നുമില്ല.
സ്നേഹിക്കു! ലോകത്തെയാകെനി:സ്വാർത്ഥമായ്
സ്നേഹിക്കു! ജീവിതം ധന്യമാക്കു!!

സി. കൌമുദീദേവി,
(പൂർവ്വവിദ്യാർത്ഥിനി)

# PANDIT JAWAHARLAL NEHRU,

## FIRST PREMIER OF INDIA.

**A Portrait, by**

**Miss LALITHA AIYER, (S. I.)**

[An excellent, discerning sketch. Ed. Z. C. M.]

A compact, athletic figure, the face of a thinker not unlike a cinema hero. the forehead high and intellectual, the nose straight and well modelled, the mouth finely chiselled, the chin firm and determined; clad in pure khadi with a spotless, white Gandhi cap on his head, his is indeed an outstanding picture, as charming as reassuring.

Fifty seven years of life have not dulled his youthful vigour. He is still the magnetic personality in whom are typified all the revolutionary and electric forces in conflict with old-world society. He himself says that the old exhuberance of youth is much reduced now, the almost uncontrollable impulses have heen toned down, and passion and feeling are more in check. Yet we can see now no sign of feebleness or slackening in him, for he has not grown less vigilant in the fight against poverty and ignorance, famine and communal hatred, than he was in the long fight for Indian freedom,

He says that it took him more than fifty years to discover the true India. Essentially he has been Indian in every cell and fibre of his body in spite of his early training in England and in Europe, and he has achieved this without losing the wider outlook which he acquired from the West. He is idolised in India by the masses, who know that he is a great man, yet essentially one of them deriving his inspiration from them.

It is said of him that he is too conscious of his great talent. This is probably true, but no one will deny that he has unusual talents and that thinking well of oneself is justified by real gifts. He writes about himself that he has not been accused of excessive learning. This is really an understatement, for no man in India has a better regulated learning or even a more exact learning than the Panditjee has. His letters to his daughter show a comprehension of human history so philosophical and so compendious that any scholar might be proud to possess it.

His powers of exposition in respect of the most difficult human relations, ancient or modern, are equally remarkable. All the time he is truly modest, for though he is a wonderful writer and a brilliant speaker, and his works are considered classics all over the world, he cannot look upon himself except as a humble worker for human liberation.

The troubie with him is that he is intolerant of stupidity and slackness in others. He cannot suffer fools gladly, and often gives himself away in outspoken and even reckless criticism of unwholesome types. This tends to make him unpopular among lesser and less sincere beings.

He loves children and their company.

His enemies say of him that he has a temper which he cannot control; this is probably true, and has made him say many things which the world thinks of as reckless and inadvisable. Yet his good breeding and the charm of his wonderful personality enchant every one who comes into contact with him.

This is the secret of the friendships that he has formed all the world over and which will be of greatest service to him and to his country in the future.

'In his fastidious habits and love of thoroughness lies the secret of his success, even as in his intense sincerity of purpose and readiness for sacrifice; in this lies the secret of his popularity, but when all is said and done, he is a politician—not a saint or a philosopher—but loving the good things of the world, though under no circumstance placing pleasure before duty or self before country'.

Actually he does not belong to India alone. His is so international in outlook that he will be claimed by all the nations of the world as their own.

The secret of this universal appeal is the fact that he does not brook injustice any where. He cannot in any condition view exploitation of one people by another. He is the champion of all the peoples who are fighting to throw off the shackles of slavery.

He is practical without ever losing sight of his ideals.

Thus he does not believe in applying the principle of non-violence to defence from external aggression or internal disorder. He is willing to employ force to put down illegal force. He showed this when recently the Hindus of Bihar set upon the Muslim minority in their midst in savage anger against the Naokhali slaughters. Even Mr. Churchill admitted in Parliament that Pundit Nehru had fired on Hindu bullies and done his duty to the people of India.

We can count on him to do the right thing and the just thing when it becomes necessary. It is only a man of this kind that can govern India.

All the same he believes that complete world disarmament is necessary, and that t e establishment of a juster political and economic order is the absolute condition of security and happiness in the world. Without this the world will destroy itself.

In proof of his humanity we may remember that it was at his suggestion that the famous medical mission went into China in the days of the Japanese horror. The prompt action that he recently took in putting the Indonesian issue before the Security Council proves him to be what he has always been, a champion of the Asiatic in the face of the better-armed European. His support was for the freedom—aspiring peoples of Spain, Czechoslovakia, and Abyssinia.

At present he is straining every nerve to help the victims of Imperialism in Indo-China and Indonesia.

And so in a world where the hope of peace and prosperity for the common man has long been in doubt and danger, he comes as a bright redeeming hope. Every people, every race that has felt themselves against the odds of machine-made power have appealed to him for sympathy and aid. To them he is a last redeeming hope.

• •

Where strangers and far-away peoples have felt his beneficent power, may we not hope that he would be strong enough, not merely to win, but also to keep and regulate and strengthen our dream of a new liberated existence? Of course we have to give up old prejudices and hostilities so that peace and progress may reign where hatred and war have raged for centuries. In this great task, old conceptions and associations will have to give place to new and broad views of life. It is in this transformation of the Indian mind to the newer orientations of modern life that the real stature of a leader's personality can show itself. I myself firmly believe that the broad liberalism of Pundit Nehru's mind will transcend all the petty difficulties of race and religion and lead us into a truer, wider nationhood.



**Sea-scape**

*Photograph—*

by HARI SANKAR RAO (J. I.)

# പ്രേമത്തിൻെറ സൂത്രത്താക്കോൽ

അഞ്ചു വീടാണ് ആ വളപ്പിലാകെ. എതിരെതിരായി മുഖം. വെവ്വേറെയുള്ള കൊച്ചു മുററങ്ങൾക്കു പുറമെ, മുന്നിൽ വിശാലമായൊരു പുൽമൈതാനമുള്ളത്, കുട്ടികൾക്ക് കളിക്കാൻ പററിയ കളിസ്ഥലമാണ്. റോഡിലെ പൊടിശല്യവും, ഇരമ്പവും തീരെയില്ല. ഏതാണ്ടൾ നാട്ടിലെയൊരന്തരീക്ഷം. പക്ഷെ, വേണമെങ്കിൽ കാറപോലും വീട്ടിൻെറ മുററത്തു വന്നുനില്ക്കാനുള്ള സൌകര്യമുണ്ട്. ഒരററത്തടുത്തടുത്ത് രണ്ടു തണൽമരങ്ങളുണ്ടു. വൈകുന്നേരം നാലരയഞ്ചായാൽ കുട്ടികളൊക്കെ സ്കൂൾവിട്ടെത്തി കളി തുടങ്ങും. പെൺകുട്ടികളും ആൺകുട്ടികളുമായി പല പ്രായത്തിലും, തരത്തിലും പത്തുപതിനഞ്ചുപേരുണ്ട്. അവരുടെ ഓട്ടവും ചാട്ടവും പ്രസരിപ്പും കൂക്കിവിളിയും വാഗ്വാദവും തമ്മിൽത്തല്ലും ചിരിയും കരച്ചിലും ആർക്കലും തിമർക്കലും എല്ലാം കണ്ടു രസിക്കാനും വേണ്ടാത്ത നാട്ടുവർത്തമാനങ്ങൾ പറവാനുമായി സൌഭാഗ്യവതികളായ ഗൃഹിണികൾ ആ മുതുമത്തൻ മരങ്ങളുടെ ഛായയിൽ കൂട്ടം കൂടി കൂട്ടം കൂടും......തലേന്നാൾ, ജാനുവിൻെറ അച്ഛൻ ബോംബയിൽനിന്നു കൊണ്ടുവന്ന വിലപിടിച്ച ഇളം പച്ചസ്സാരിയെപ്പററി, വാസുമേനോൻ മദിരാശിയിലെ പി. ഓർ. എൻറ് സൺസിൽനിന്നു വരുത്തിച്ച പുതിയ ഫാഷനിലുള്ള മൂന്നിഴച്ചെയിനിനെപ്പററി,......അങ്ങിനെ പറവാൻ തുടങ്ങിയാൽ കുറെയേറെയുണ്ട്. വെളുത്തു കൊഴുത്തു തടിച്ച്, പൂവൻപഴംപോലുള്ളൊരു കൊച്ചുമിടുക്കൻ, അതിലൊരുത്തിയുടെ ഒക്കത്തിരുന്ന് കുഞ്ഞിക്കാൽകൊണ്ട്, ചവുട്ടിക്കുതിച്ചും, കുതറിയും, വെറുതെയോരോന്നു കാട്ടിച്ചിരിച്ചും, ശാഠ്യം പിടിക്കുന്നതു കാണാം. ഇളങ്കാററിൽ പാറിപ്പറന്ന് ചിന്നിച്ചിതറന്ന തലമുടിയും, കൊച്ചുടുപ്പുമായി കൊഞ്ചിക്കുഴഞ്ഞു്, മററൊരു കുസൃതിക്കുടുക്ക അമ്മയുടെ സാരിപിടിച്ചു വലിച്ച് തൂങ്ങുന്നുണ്ടാവും. ഓടിച്ചാടിക്കളിക്കാൻ പ്രായമായ വികൃതിക്കിടമുറികൾ മുതിന്നവരൊത്ത് കളിയുടെ തിരുതകൃതിയിൽ മുഴുകിയിരിക്കും. സംസാരിച്ചു സംസാരിച്ച് അവർ അന്തിച്ചുകപ്പ് അന്തരീക്ഷത്തിലലിഞ്ഞു മായുന്നതറികയില്ല. നമ്മെ, വല്ലാതെ മുഷിപ്പിക്കുമെങ്കിലും അവരെ അത്യഷ്ടം രസം പിടിപ്പിക്കുന്ന നർമ്മസല്ലാപങ്ങളാണവ.

ആ തണൽ മരങ്ങളുടെ കീഴിൽനിന്ന് അന്നായുവതികൾ പിരിഞ്ഞപ്പോൾ നേരം കുറെ വൈകിയിരുന്നു. ലക്ഷ്മിക്കുട്ടിയമ്മ ആനന്ദം നിറഞ്ഞൊരു പൂപ്പുഞ്ചിരിയോടെ വീട്ടിലേക്കു തിരിച്ചു. ഭർത്താവപ്പോഴെക്ക് സായന്തനസഞ്ചാരവും കഴിഞ്ഞ് തിരിച്ചെത്തിയിരുന്നു.

❖ ❖ ❖

"ഗോപീ......ഗോപീ".. ...വക്കീൽ ഗോപാലമേനോൻ അക്ഷമനായി ഒന്നു രണ്ടു വിളിച്ചു. ഒരെന്തോന്നില്ലാത്ത സ്വരപ്പകർച്ച ആ വിളിയിൽ പ്രകടമായിരുന്നു. "എന്താ, ഇനിയും അവൻ കോളേജിൽനിന്നു വന്നിട്ടില്ലേ—" കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും ചോദിച്ചു. "ഇല്ല"—എന്നുമാത്രം ഒരു പതിഞ്ഞ നേരിയ സ്വരത്തിൽ ആരോ അകത്തുനിന്നു പറയുകയുണ്ടായി. മേനോൻെറ ക്ഷമ പമ്പകടന്നു. കൂടിക്കൂടി വരുന്ന അമർഷം അടക്കാൻ സാധിക്കാതെ അദ്ദേഹം ഉമ്മറത്തങ്ങോട്ടുമിങ്ങോട്ടും ധൃതിയിൽ നടക്കാൻ തുടങ്ങി. വൈദ്യുതദീപത്തിൻെറ പ്രഭാപൂരത്തിൽ അദ്ദേഹത്തിൻെറ മിനുമിനുത്ത കഷണ്ടിത്തലയും, കണ്ണുരുട്ടിയ മുഖവും സുവ്യക്തമായിരുന്നു.

"ഗോപീ......േ–ഗോ–പീ" അദ്ദേഹം വീണ്ടും വിളിക്കാൻ തുടങ്ങി. അതു കേട്ടാൽ തോന്നും അകത്തുനിന്നുണ്ടായ അരുളപ്പാടൊന്നും മേനോൻെറ ചെവിയിലെത്തിയിട്ടില്ലെന്ന്. പിറുപിറുക്കുമാറ്, അദ്ദേഹത്തിൻെറ അധരം വിറച്ചുതുടങ്ങി. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഈ വേഷപ്പകർച്ചയുടെ കാരണമറിയാതെ ലക്ഷ്മിക്കുട്ടിയമ്മ പരിഭ്രമിച്ച്, വന്നകാലിന്മേൽ അകത്തളത്തിലും നിലകൊണ്ടു. കുട്ടികൾ മൂവരും പേടിച്ചരണ്ട് നേത്തെത്തന്നെ പുസ്തകവായനയിൽ മുഴുകിയിരിക്കയാണ്.

കുറച്ചു കഴിഞ്ഞപ്പോൾ വക്കീൽ തൊട്ടടുത്ത ചാരുകസേരയിൽ പോയ് മറിഞ്ഞു. പുരികം വളച്ചൊടിച്ച്, തൻെറ കയ്യിലെ കടലാസ്സുതുണ്ട് ഒരാവർത്തികൂടി വായിച്ചു. ഭർത്താവിൻെറ ചേഷ്ടക

• •

ളറിവാനുള്ള അത്യുൽക്കടമായ ഉൽക്കണ്ഠയോടെ ലക്ഷ്മിക്കുട്ടിയമ്മ പൂമുഖത്തേക്കൊന്നുപാളിനോക്കി. അപ്പോൾ, രൌദ്രവികാരച്ചുഴിപ്പുകൾ, തന്റെ ഭർത്താവിന്റെ ചുളിവീഴാത്ത കോമളമുഖത്ത് പല പല ബീഭത്സരൂപങ്ങളുമുണ്ടാക്കുന്നതു കണ്ടു.

അപ്പോഴേക്ക്, ഓടിക്കിതച്ച് ഗോപിയും പടികടന്നെത്തി. നേരെ അകത്തേക്കു കടക്കാൻ തുടങ്ങി. പെട്ടെന്നു കത്തിൽനിന്നും മുഖമുയർത്തി അമ്മാമൻ ആജ്ഞാപിച്ചു. "നിക്കടാവടെ......"

"എന്തേത്ര നേരം വൈകാൻ..." തുടർന്നുകൊണ്ടദ്ദേഹമാക്രോശിച്ചു.

"കോളേജിൽ ടൂർണമെ—" മുഴുവൻ പറയാനവനു സമയം കിട്ടിയില്ല.

"ഫ: നായേ; ഏഴര—എട്ടായിത്തുടങ്ങി—നേരം......ഇതുവരെ ടൂർണമെണ്ടാ അല്ലേ"; അമ്മാമനിടക്കു ചാടിക്കടന്നു പറഞ്ഞു. ഇത്രയധികം കോപാക്രാന്തനായി അമ്മാമനെ കാണുന്നത് ഗോപി അന്നാദ്യമായിട്ടാണ്. ....എങ്കിലും അവനൊന്നും മറുപടി പറഞ്ഞില്ല.

"ഇതാരെഴുതീതാ—" പെട്ടെന്നമ്മാമൻ കത്തവന്റെ നേർക്കു നീട്ടി. തുടർന്നുകൊണ്ട് ഠേ...ഠേ...ഠേ; അവിട്ടുപൊട്ടുമ്പോലെ ചെകിടത്തു രണ്ടും: മിന്നലും, ഇടിയും. ഗോപിയുടെ കണ്ണിൽനിന്ന് 'പൊന്നീച്ച' പാറി.

ആ കത്തു നോക്കാൻ ഗോപിക്കിടകിട്ടിയിട്ടില്ല; തീർച്ച. എന്നാലും, തലേന്നാൾ, താനങ്ങേലെ ലീലക്കയച്ച പ്രേമലേഖനമാണതെന്ന് മനസ്സിലാകാതെയുമിരുന്നില്ല.

പുച്ഛവും പരിഹാസവും കലർന്നിരമ്പിക്കൊണ്ട് അമ്മാമന്റെ ശകാരവും, ശാസനയും പഴിക്കലും തിരുവാതിര ഞാററുവേലയിലെ, കോരി വാരിച്ചൊരിയുന്ന പേ_മാരിപോലെ അവിച്ഛിന്നധാരയായി പ്രവഹിച്ചുതുടങ്ങി.

തികച്ചും അനുകമ്പാർഹമായിരുന്നു, ഗോപിയുടെ അപ്പോഴത്തെ സ്ഥിതി. വിവിധവികാരമിളിതമായൊരു ദീ...ർഘനിശ്വാസം വിട്ടുകൊണ്ട് ഗോപി എന്തോ പറവാൻ ശ്രമിച്ചപോലെ തോന്നി. പക്ഷെ, അടി കിട്ടി കണ്ണു മഞ്ഞളിച്ച്, തല തരിച്ച്, ഹലാക്കായ അവന്റെ, ചുണ്ടുകൾക്ക് തെല്ലൊരു സന്നിപാതജ്വരം പിടിപെട്ടതുകൊണ്ടു നാവനങ്ങിയെങ്കിലും, ചുണ്ടു വിറച്ചതല്ലാതെ, വാക്കുകളൊന്നുംതന്നെ പുറത്തുവന്നില്ല. അപമാനഭാരംകൊണ്ടവന്റെ തല കുനിഞ്ഞു. അവിടെനിന്നൊരോട്ടം കൊടുക്കാൻ ഗോപിക്കു തോന്നായ്കല്ല. തല്ലും, വിശപ്പും, തളർച്ചയും കൊണ്ട് ഗോപിക്ക് നിന്നേടത്തുനിന്നനങ്ങാൻപോലും സാധിച്ചില്ല. പോരെങ്കിൽ, അവന്റെ ചുററും നില്ക്കുന്ന അമ്മായിയേയും, കുട്ടികളേയും കണ്ടപ്പോഴേക്കും അവന്റെ പരാക്രമവും, പ്രസരിപ്പും, തന്ത്രവുമൊക്കെ അവനെ കൈവെടിഞ്ഞപ്പോലെ തോന്നി. അത്ഭുതവും, കണ്ണുനീരും, വിഷാദവും, നിരാശയും അമ്പരപ്പും, തലതരിപ്പും, ഇളിഭ്യതയും എല്ലാംകൂടി അവനോ അവന്റെ തലയോ ചക്കിട്ടം തിരിയുന്നതെന്നുപോലും അവന്ന് നല്ലപോലെ മനസ്സിലായില്ല.

കണ്ണുരുട്ടി മിഴിച്ച്, പുരികം കോട്ടി, പല്ലിറുമ്മിക്കൊണ്ട് കേസ്സിന്റെ മറുവശമാലോചിക്കാൻ, എന്നിട്ടും തയ്യാറില്ലാതെ അമ്മാമനങ്ങിനെത്തന്നെയിരിക്കുകയാണ്.

"എന്തിനാ ഗോപിയെ ഇങ്ങിനെ തച്ചത്" യുഗമൊന്നു കഴിഞ്ഞപ്പോൾ അമ്മായി ചോദിച്ചു.

"പോവൂ—അകത്തേക്കു പോവൂ; അതു ഞാനയ്ക്കോളാം" അമ്മാമൻ ഭാര്യയെ യാത്രയാക്കി. കുട്ടികൾ അമ്മയുടെ പിന്നാലെയും.

"ഇത് നിയ്യെഴുതിയതല്ലെ,—"അമ്മാമൻ വിടാനൊന്നുമല്ല ഭാവം.

"അതെ, ഞാനവളെ സ്നേഹിക്കുന്നു—"ഗോപിയുടെ വാക്കുകളിൽ ശാന്തതയും, ഉറപ്പും, അമർഷവും, വെറുപ്പും, എല്ലാം നിഴലിച്ചിരുന്നു.

ധിക്കാരപൂർണ്ണമായ മറുപടി കേട്ട അമ്മാമന്റെ ദേഷ്യം പൂർവാധികം ആളിക്കത്തി. ഹാ—ഹാട്ടഹാസം മുഴക്കിക്കൊണ്ട്, ഗോപാലമേനോൻ ചാരുകസേരയിൽനിന്നും ചാടിയെണീററു... "ഞാനീയുപദേശിച്ചതും പറഞ്ഞതുമൊന്നും നിന്നോടല്ലെ" എന്നാവർത്തിച്ചാവർത്തിച്ചു ചോദിച്ചുകൊണ്ട് മേനോൻ വീണ്ടും വീണ്ടും ഗോപിയെ പ്രഹരിച്ചു... കയ്യും, ചെകിടുമായുള്ള കൂടിക്കാഴ്ചയവസാനിച്ചപ്പോൾ ഗോപി, നേരെ തന്റെ പഠിപ്പുമുറിയിലേക്കു പോയി. എനിയുമവിടെ നിന്നാൽ, മൃഗീയമർദ്ദനംമൂലം അവന്റെ കഥ കഴിഞ്ഞേക്കുമോ എന്നവൻ ഭയപ്പെട്ടു. ദേഷ്യം ഒരു മാതിരി പിരാന്തല്ലെ; അതു പിടിപെട്ടവർ എന്തുതന്നെ ചെയ്യാൻ മടിക്കില്ല?

❖ ❖ ❖

ചലനചിത്രത്തിലെ ഹൃദയസ്പൃക്കായ രംഗങ്ങളേപ്പോലെ, കഴിഞ്ഞ ചില സംഭവപരമ്പര

കൾ അടിയ്ക്കടി ഗോപിക്കോർമ്മ വന്നുതുടങ്ങി. അങ്ങിനെ, അവൻ ചിന്തയിലാണ്ടു തന്നെത്താൻ മറന്നു. വാല്യക്കാരൻ വന്നുണ്ണാൻ വിളിച്ചതൊന്നും അവൻ കേട്ടിട്ടേയില്ല. രണ്ടുനാലു വിളിച്ചപ്പോഴേക്കും വാല്യക്കാരന് ശുണ്ഠി പിടിച്ചിട്ടുണ്ടാവും. അവനത്രയല്ലേ കൂറുണ്ടാവാൻ തരമുള്ളൂ. അവനാവന്റെ പാട്ടിന്നുണ്ട് കിടന്നു.

ഏതാണ്ടൊരാണ്ടു മുമ്പാണ് ആ സംഭവം നടന്നതെന്ന് തോന്നുന്നു. അന്ന് ഗോപാലകൃഷ്ണനൊരിരുപത് വയസ്സായി കാണും. പഴമയുടെ മെഴിപോലെ അന്നവനെഫേയിലാണ് പഠിച്ചിരുന്നത്. വിദ്യാർത്ഥി എന്നു പറയുമ്പോൾ, ക്രോപ്പുചെയ്ത്, മുടി മിനുക്കി, പൌഡറിട്ട്, ഇസ്ത്രിക്കിട്ട ഷർട്ടുമിട്ട്, 'ടിപ്പിൽ'കോളരം പൊന്തിച്ച് 'ഗമ'യിലങ്ങിനെ നടക്കുന്ന ആ—മോഡലായിരിക്കാം നിങ്ങളുടെ കണ്ണിൽ കളിക്കുക. എന്നാൽ ഗോപാലകൃഷ്ണൻ അതിൽനിന്ന് തെല്ലു വിഭിന്നനാണ്. വസ്ത്രധാരണത്തിൽ അത്ര നിഷ്ക്കർഷയൊന്നുമവനില്ല 'ഹേ റോയലും; കുട്ടിക്കൂറയും കൂടാതെ തന്നെയവന് ജീവിക്കാനറിയാം. എന്തിന്? അവന്റെ ഭംഗിയേറിയ ചുരുണ്ട തലമുടി, ക്രോപ്പുചെയ്താലും ശരി, ഇല്ലെങ്കിലും ശരി, ചീകിയാലും, ഇല്ലെങ്കിലും, അവന്റെ പുഞ്ചിരി കളിയാടുന്ന മുഖത്തിന് മാററു കൂട്ടുവാൻ ധാരാളം മതിയായിരുന്നു. ആരെയും വശീകരിക്കുന്ന രണ്ടു നീണ്ടുവിടർന്ന കണ്ണുകളാണ്, അറിയാതൊന്നു നോക്കിപ്പോയാൽ, പിന്നേയും, പിന്നേയും നോക്കാൻ നമുക്കു തോന്നിപ്പോകുന്ന ആ മുഖത്തുള്ളത്. കോളേജ്ജു ലൈബ്രറിയിൽ അവൻ വായിക്കാത്ത ചെറുകഥകളോ, നോവലുകളോ, ശൃംഗാരകാവ്യങ്ങളോ ഒന്നും ബാക്കിയുണ്ടായിരുന്നില്ല. ഇതിന്ന് നമ്പർവൺസാക്ഷി, അവിടുത്തെ ലൈബ്രേറിയൻ മി. മേനോൻ തന്നെയാണ്. കോളേജ്ജു വിട്ടാലുടൻ 'ടെന്നീസ്ബാറേറാ', 'ഹോക്കീസ്റ്റിക്കോ' എടുക്കാനോടുന്ന പതിവവനില്ല. ലൈബ്രറിയിൽനിന്നേതെങ്കിലുമൊരു രസികൻ പുസ്തകവുമെടുത്ത് വീട്ടിൽവന്ന് സ്വൈരമായി വായിക്കാനാണവൻ ഇഷ്ടപ്പെട്ടിരുന്നത്.

അങ്ങിനെയിരിക്കെ, തൊട്ട വീട്ടിൽനിന്ന് അമ്മ്യാരും, സാമിയും വീടൊഴിഞ്ഞുപോയി. അമ്മ്യാരുടെ പലഹാരങ്ങൾ ഇടയ്ക്കിടയ്ക്കു സ്വാദു നോക്കിയിരുന്ന ഗോപിയ്ക്ക്, അത് തെല്ലൊരല്ലലിന്ന് കാരണമായില്ലെന്നില്ല. അമ്മ്യാരു പോയിട്ട് മണിക്കൂറൊന്നു കഴിഞ്ഞില്ല, ഒരു കൂലിക്കാരൻ ആ മതിലിന്മേലൊരു ബോർഡ് തറക്കുന്നതു കണ്ടു.

**A. P Sukumaran**
B A; B. L.
Advocate.
എ. പി. സുകുമാരൻ,
അഡ്വൊക്കേററ്.

നന്നെ ചെറുപ്പക്കാരനാണ് സുകുമാരൻ. വക്കീലായിട്ട്, കോടതി കൊടുത്ത ചെറിയ ഒന്നുരണ്ടു കമ്മീഷനല്ലാതെ, പുതിയ കേസ്സുകളൊന്നും കിട്ടിയിട്ടില്ലെന്നു തോന്നുന്നു. എങ്കിലും 'ഫീക്കു' കണ്ടാൽ കുറച്ചുള്ള വകയാണെന്നു തോന്നും. സുകുമാരന്റെ കുടുംബത്തിൽ ആകെ ഒമ്പത് യൂനിററരിക്കുള്ള ആളുകളേയുള്ളൂ. ചെറുപ്പക്കാരത്തിയായൊരു ഭാര്യ; ഭാര്യക്ക്, സൌമ്യനും, സുഭഗനുമായ നല്ലൊരു കൊച്ചുമിടുക്കൻ; തനിപ്പകപ്പായൊരു സോദരി; ഒരു വാല്യക്കാരൻ ചെക്കനും—കഴിഞ്ഞു. അമ്മ്യാരുടെ പലഹാരത്തിന്റെ മധുരമൊക്കെ ആളുകൾ മറന്നുതുടങ്ങി. സുകുമാരന്റെ വീട്ടുകാരുമായിട്ടായി ലോഗ്യം. അങ്ങിനെയാണല്ലോ മനുഷ്യന്റെ മനസ്സ്.

സുകുമാരന്റെ വീട്ടിൽനിന്ന് പുള്ളിപ്പാവാടയും, പച്ച ബ്ലൌസുമിട്ട് ലീല ഓടിക്കളിക്കാൻ വന്നാൽ ദൂരെനിന്ന് ഗോപി കരൾത്തുടിപ്പോടുകൂടി കളികണ്ട്നിന്നാനന്ദിക്കും......"ഒരു ഭംഗിയേറിയ പാപ്പാത്തി"—ഒരുൾച്ചിരിയോടെ ഇടക്കവൻ പറയും.

തൂമഞ്ഞിനെപ്പോലും, തല കുനിപ്പിക്കുന്ന ധവളിമയിലാണ്—ചർമ്മത്തിന്റെ വെളുപ്പിലാണ്—സൌന്ദര്യത്തിന്റെ മാക്കു കിടക്കുന്നതെങ്കിൽ 'ലീല'യ്ക്കതിൽ ഒരു 'കൈബർപ്പാസ്സ്'പോലും കിട്ടുമോ എന്ന് സംശയമാണ്. എന്നാലും, അവളുടെ നീണ്ടിടംപെട്ട കണ്ണുകൾ, ചെന്നിയിലൂടെ വകഞ്ഞ്, മടഞ്ഞ് പിന്നിക്കെട്ടിയ ചുരുണ്ടമുടി; ആരെയുമാകർഷിപ്പാൻ കെല്പുള്ള മുഗ്ദ്ധമന്ദഹാസം, മധുരസ്വരത്തോടുകൂടിയ നർമ്മസല്ലാപം, ശരീരത്തിന്നാകപ്പാടെയുള്ള—ഇന്നതെന്ന് ശരിക്കു

പറവാൻ സാധിക്കാത്ത—ഒരെന്തൊന്നില്ലാത്ത സൌകുമാര്യം, ഇവ ലീലയെ തികച്ചുമൊരു കൊച്ചുർവശിയാക്കിയിരുന്നു. അവൾക്ക് വയസ്സ് പതിനേഴിൽ കൂടുതലായിട്ടില്ല.

❖ ❖ ❖

തന്നെത്താനറിയാതെ, ഗോപി ഇരുന്നിരുന്ന നീണ്ട ബെഞ്ചിൻെറ, ഒരററത്ത് മടക്കിവെച്ച കോസറിമേലേക്ക ചാഞ്ഞു. ഗോപി സ്വപ്നങ്ങൾ കണ്ടുതുടങ്ങി:

അന്നൊരുനാൾ വയ്യീട്ട്, ലീല ഓടിവന്നു. വക്കീൽ ഗോപാലമേനോൻ കേസ്സു സംബന്ധമായി, കക്ഷികളോട് ഫീസ്സിനെപ്പററി കൊണ്ടുപിടിച്ചു വാദിക്കയായിരുന്നു. അകത്തു കടന്നപ്പോൾ 'മാലതി'യെന്തോ കണക്ക ചെയ്യുകയായിരുന്നു.

ലീല:— മാലേ, മാലേ, നാളെയല്ലെ നമ്മുടെ 'ഇലക്ക്ളഷൻ'

മാല: — അതെ, എന്താ, 'കവിയുടെ കടമകൾ' എന്നോ മറേറാ അല്ലേ വിഷയം.

ലീല:—ആ! കുട്ടി വല്ലതും എഴുതിയോ?

മാല:—ഇല്ല; ഞാൻ ചേരുന്നില്ല. എനിക്ക് പഠിക്കാൻതന്നെ കുറെയുണ്ട്.

ലീല:—'ന്നാൽ, മാല വല്ലാത്തൊരു പുസ്തകക്കരണ്ട്യന്നാണ്, ട്ടൊ; എതായാലും, 'നിക്ക് ചേരണം; കുട്ടി ഗോപ്യേട്ടനോടൊന്നെഴുതിത്തരാൻ പറയ്യോ, ജോറായിട്ട്?

മാല:—എന്തിനാ, അതിനൊക്കെ വെറുതെ ബുദ്ധിമുട്ട്ണ്. അംബിക കോണ്ടോവും അത്.

ലീല:—'ന്നാലും ഒന്നെഴുതിത്തരാൻ പറയൂ.

മാല:—അതാ—അദ്ദേ മുറീല്ണ്ട്; ലീലക്ക് പറഞ്ഞൂടെ.

ലീല:—'ന്താട്ടൊ—കുട്ടീ—മാല പറയില്യ്യെ?

മാല:— —ം— 'ന്നാൽ, ഞാൻ എഴുതിക്കിട്ട്യാൽ വിളിച്ചുതരാം.

ലീല ചിരിച്ചുകൊണ്ടൊരോട്ടം, പെട്ടെന്നു തിരിഞ്ഞൊരു നോട്ടം. ആ മയക്കത്തിലും ഗോപിയുടെ ചുണ്ട് ലഘുവായൊന്നു മന്ദഹസിച്ചു.

❖ ❖ ❖

ഗോപിക്കോർമ്മ വന്നു. അന്നു രാത്രി ഗോപി, ഏതോ ഒരു പുസ്തകവും വായിച്ച് തന്നെത്താൻ ചിരിച്ചു രസിച്ചിരിക്കുമ്പോഴാണ്,

"ഗോപ്യേട്ടാ......ലീലക്ക് സമ്മാനം കിട്ടി... കെട്ടൊ!" എന്നും പറഞ്ഞ് മാലതി മറഞ്ഞത്. ഗോപി, പുസ്തകം പൂട്ടിവെച്ച് ചെന്ന്..."മാലേ...മാലേ_ നിയ്യെന്തേ പറഞ്ഞത്...എന്ത് സമ്മാനം?"

മാല:—അതേയ്—ഇന്നലെ എഴുതിക്കൊടുത്തില്യേ. ആക്കുട്ടി അതങ്ങനെ കാണാപ്പാഠമാക്കി, പോയി വിളമ്പി; പ്രൈസും മേടിച്ചു.

ഗോ:—അപ്പോൾ, പിന്നെ ആരും പ്രസംഗിച്ചില്ലെ.

മാല:—ഉവ്വ് വ്വ്...വത്സല, ഗംഭീരമായി സഭക്ക് വന്ദനം പറഞ്ഞു. മീന, അങ്ങട്ട് പോയി ഇങ്ങട്ടതന്നെ പോന്നു. ആയിഷക്കുട്ടി, ചിലതൊക്കെ പഠിച്ചു വന്നിരുന്നു തോന്നുണു. പക്ഷെ ഒന്നും ശരിയായില്ല അംബിക അന്തം വിട്ടു പറയാൻ പലതും വിട്ടുപോയി. പിന്ന്യാ ലീല 'പ്ലാററ്ഫോമി'ൽ കയറീത്. പ്രസംഗം പൊടിപൊടിച്ചു. ഊശ്, ചില നീണ്ട വാക്കുകളുടെ അർത്ഥം ഹെഡ്മിസ്റ്ററസ്സിന്നുകൂടി മനസ്സിലായിരുന്നില്ലത്രെ! തുന്നൽ ടീച്ചറും, ശാരദ ടീച്ചറും, പങ്കജാക്ഷി മിസ്റ്ററസ്സുംകൂടി 'ബലേ—ഭേഷ്... —എ_ വൺ' എന്നൊക്കെ പറഞ്ഞ് ഉച്ചത്തിൽ കൈമുട്ടിയിരുന്നു. അവരായിരുന്നു.....എന്താടിന് പറയാ— സുപ്രവിഷ്യന്. അവർ പറഞ്ഞു 'ലീലക്കാണ് ഫസ്റ്റ്പ്രൈസ്" എന്ന്. പിന്നെ ആരെപൊട്ടു പ്രസംഗിച്ചതുമില്ല.

ഗോ:—ഹ! ഹ! ഹാ ാ! ആകപ്പാടെ ഗംഭീരായി പ്രസംഗം, ഇല്ലേ.

മാല:—ഉം ം ം ം ...ഗോപ്യേട്ടൻ എനിക്കെഴുതിത്തന്നില്ലലോ.

ഗോ:—നിയ്യെന്നോട്ട പറഞ്ഞോ? ഒന്നാമത്, ഞാൻ നിണക്കാണ്ന്നല്ലെ വിചാരിച്ചത്, അല്ലാതെ .....

മാല:—ഉംംംം_ ഉം ം—ആട്ടെ.

❖ ❖ ❖

അന്നു രാത്രി ലീലയും വളരെ കുറച്ചേ ഉറങ്ങിയുള്ളു, ഇടയ്ക്കിടയ്ക്ക് സ്വപ്നങ്ങളും കണ്ടിരുന്നു. ഗോപ്യേട്ടൻെറ സൌമ്യവും പ്രസന്നവും, സുന്ദരവുമായ മുഖം; ചുരുകളോടുകൂടിയ ചുരുണ്ട തലമുടി...ഇവ കണ്ടവൾ കൊട്ടിപ്പിടഞ്ഞെഴുന്നേൽക്കും. ഒരു പ്രാവശ്യം അവൾ പെട്ടെന്നുണർന്ന് ക

ൻതുറന്നപ്പോൾ, ആ ഇരുട്ടുമുറിയിൽ തീക്കട്ടകൾപോലെ രണ്ടു കണ്ണുകൾ ഉജ്ജ്വലിച്ചു! 'ഞ്ഞ്യ്യാവ്, ഞ്ഞ്യാവ്' എന്ന് കരഞ്ഞുകൊണ്ട് പൂച്ച അവിടെനിന്നു പേടിച്ചോടി. വെറും സ്വപ്നമാണെന്ന് മനസ്സിലായി അവൾ ലജ്ജിച്ചു പുഞ്ചിരിതൂകി.

❖ ❖ ❖

ഗോപി എഴുന്നേററിരുന്നു: ഇലക്ട്രിക്ലൈററിൽ ആ മുറി പ്രകാശമാനമായിരുന്നു.

തികച്ചും മുന്നൂററമ്പത്താറു ദിവസങ്ങളുള്ള ഒരു കൊല്ലം ആ 'സമ്മാന'ത്തിനു ശേഷം പിന്നിട്ടുകഴിഞ്ഞു. തെററുകൂടാതെ കൂട്ടിനോക്കുകയാണെങ്കിൽ എത്ര മണിക്കൂറുകളുണ്ടാകും; എണ്ണായിരത്തിലധികം. അപ്പോൾ നിമിഷങ്ങളോ? ശിവ. ശിവ! ഗോപിക്കും, ലീലക്കും തമ്മിലുള്ള സ്നേഹശൃംഖല മുറുക്കുവാൻ അതു ധാരാളത്തിലധികമായിരുന്നു. ഗോപിയാണ് ലീലക്ക് വായിക്കാൻ 'നല്ല' പുസ്തകങ്ങൾ 'തിരഞ്ഞു'കൊടുത്തിരുന്നത്. പുസ്തകത്തിൽ മിക്കപ്പൊഴുമൊരു പ്രേമലേഖനവുമുണ്ടായിരിക്കും. എത്രയോ പ്രേമലേഖനങ്ങൾ അവരങ്ങിനെ കൈമാററം ചെയ്തുകഴിഞ്ഞു. കോടതിയുള്ള ശനിയാഴ്ചകൾ അവരുടെ വിലയേറിയ ദിവസങ്ങളായവരെണ്ണി. 'സ്പെഷൽക്ലാസ്സ്'ന്നും പറഞ്ഞ് പത്തുമണിക്കു പോയാൽ, ഗോപി പിന്നെ മടങ്ങിവരുന്നത് രണ്ടു മണിക്കായിരിക്കും. ലീലയുടെ മുറിയിൽ ഗോപിയിരുന്നു സല്ലപിച്ചുല്ലസിക്കുന്നതും, മതിമറന്ന്, പാർശ്വഭാഗങ്ങൾ കൊളുത്തിവലിക്കുമാറ് പൊട്ടിച്ചിരിക്കുന്നതും 'മാലതി' മാത്രം ഇടക്കു മനസ്സിലാക്കിയിരുന്നോ എന്നു സംശയം. പക്ഷെ, അതൊരു കുരുത്തംകെട്ട മരക്കഴുതയായിരുന്നു. യഥാർത്ഥത്തിൽ മിസിസ്സ് സുകുമാരനിതെല്ലാം ഒരു രസമായിരുന്നു. ഗോപി, ലീലക്കായിട്ടെ അയച്ച ഒരു പ്രേമലേഖമാണ് വക്കീൽ ഗോപാലമേനോൻെറ കയ്യിൽ കിട്ടിയതും, തുടന്നു ബഹളമുണ്ടായതും.

കോസ്റിയുമായി കൂടിക്കാണുന്നതിന്നു മുമ്പെ ഉറങ്ങിക്കഴിയുന്ന ഗോപി അന്ന് യാമം രണ്ടു കഴിഞ്ഞിട്ടും കണ്ണിൻെറ പോള ചിമ്മിയിട്ടില്ല. പല പല ചിന്തകളും അവനെയിട്ടലട്ടിക്കൊണ്ടിരുന്നു. അങ്ങേ മുറിയിലെ ടൈംപീസ്സിൻെറ 'ടിക ടിക ടിക' ശബ്ദമൊന്നല്ലാതെ, മറെറാന്നും ആ രാത്രിയുടെ ഭയങ്കരനിശ്ശബ്ദതയെ ഭഞ്ജിക്കാനുണ്ടായിരുന്നില്ല. ഇടയ്ക്കുവന്നു തോന്നും ടൈംപീസ് 'തെററ്, തെററ്—' എന്ന് പറഞ്ഞവനെ ഉപദേശിക്കുകയാണെന്ന്. അടുത്ത സെക്കൻടിൽ അല്ലല്ല— അതു 'ശെററ്, ശെററ്' എന്നാണെന്നവന് ബോധപ്പെടും. കണ്ണുശല്യമെങ്കിലും, ആ ഒച്ച അവനേറെക്കുറെ, അവൻെറ ചിന്താഗതിക്കനുസൃതമായി, യഥാർത്ഥ്യമുററതെന്ന് തോന്നി.

പെട്ടെന്ന്, അമ്മാമനും, അമ്മായിയും കൂടിയെന്തൊക്കെയോ 'കുശു കുശു' പറയുന്നുണ്ടെന്ന് ഗോപിക്ക് തോന്നി; അതു കേൾക്കാനുള്ള കുതുകത്താൽ പൂച്ചയെപ്പോലെ പതുക്കെപ്പതുക്കെ കോണിപ്പടികയറി അവൻ ചെകിടോർത്തു; 'ഛെ, ഞാൻ ചെയ്യുന്നത് പുരുഷന് യോജിച്ചതല്ലെ'ന്നവനുത്തരക്ഷണത്തിൽ തോന്നി. താഴെത്തേക്കിറങ്ങുകയും ചെയ്തു. തോന്നൽ–? വെറും തോന്നൽ! അവർ കൂക്കുംവലിച്ച് കിടന്നുറങ്ങുകയാണ്. അവർ തമ്മിൽ ചെറിയൊരു സംഭാഷണമുണ്ടായത് ശരിയാണ്; കുറെമുമ്പ്. അതവനൊട്ടറിഞ്ഞതുമില്ല.

അമ്മായി:—അപ്പോൾ എങ്ങിനെ, എഴുത്തു കിട്ടിയതു്.

അമ്മാമൻ:—ഇന്നലെ, സുകുമാരനും, ഞാനുംകൂടി കോടതീലെ ലൈബ്രറിലിരുന്ന് വർത്തമാനം പറയുമ്പോൾ തന്നതാ. അയാൾക്ക് ലീല വായിക്കുന്ന ഏതോ ബുക്ക്ന്ന് കിട്ടിയതാണത്രെ?

അമ്മായി:—അദ്ദേഹം, പിന്നെ ഒന്നും പറഞ്ഞില്ലെ?

അമ്മാമൻ:—പറഞ്ഞു, 'ദാ നിങ്ങൾ ബഹളമൊന്നുമുണ്ടാക്കരുതെ. കുട്ടികളുടെ നേരമ്പോക്കല്ലെ'—എന്ന്, നല്ല നേരമ്പോക്കല്ലെ ?

അമ്മായി:—എന്നാലും, അവനെ, അങ്ങിനെ തച്ചുംലോ; നാട്ടുകാർ കേട്ടാലെന്തു പറയും?

അമ്മാമൻ:—ആ–ഹാ; കുട്ടികളെ നേർവഴിക്ക് നടത്തണ്ടേ. പഠിക്കുമ്പൊ തെമ്മാടിത്തം കാണിക്കെ.....പിന്നെ, ആ തിയ്യത്തിപ്പെണ്ണി

നെ കഴുത്തിൽ കെട്ടാനാ, ഞാനവനെ ഇത്രയൊക്കെ ബുദ്ധിമുട്ടി പഠിപ്പിക്കണ്—!

അമ്മായി:—അതും ശര്യാണ്; 'മാലക്ക്' അവൻ പോരാ. എങ്കിലും പഠിച്ചു പാസ്സായി നല്ല വല്ല്യദ്യോഗും കിട്ട്യാൽ ലളിതയ്ക്കാവാലോ?

❖ ❖ ❖

മണി കൃത്യം മൂന്നടിച്ചു; ചിലതാലോചിച്ചുറച്ചപോലെ, ഗോപി കടലാസ്സും പെന്നുമെടുത്തു തലക്കു കയ്യും കൊടുത്തെഴുതാൻ തുടങ്ങി. അരമണിക്കൂർകൊണ്ടതു മുഴുമിച്ചു; വേഗം, മടക്കി, വാതിൽ തുറന്ന് പുറത്തുപോയി. നക്ഷത്രങ്ങളുടെ മങ്ങിയ വെളിച്ചത്തിൽ, ആരോ ഒരാൾ ലീലയുടെ വീട്ടിലെ ജന്നൽക്കൽ നില്ക്കുന്നതുപോലെ തോന്നി. ധൈര്യത്തോടുകൂടി ഗോപി അടുത്തുചെന്നു. അത്ഭുതം! അത്യത്ഭുതം!! അതു 'ലീല'യായിരുന്നു.

'എന്തു? എന്താ ലീലേ—ഈ അർദ്ധരാത്രി ഇവിടെ നില്ക്കുന്നത്' ഗോപി ഉദ്വേഗത്തോടെ ചോദിച്ചു.

'ഇന്നലെ രാത്രിയെട്ടുമണിമുതൽക്കേ ഞാൻ ഇവിടെ നിൽപ്പുണ്ട്' ലീല ശാന്തമായി മറുപടി പറഞ്ഞു. ലീലയുടെ ചടുലമിഴികളിൽനിന്ന് ചുടുനീരിററിററുവീണിരുന്നു. അവർ സംഭാഷണം വളരെപ്പതുക്കെയാക്കി.

❖ ❖ ❖

ചുററുപാടുമുള്ള വീടുകളിൽ നിന്ന് വെള്ളം കോരുന്ന കപ്പി നിലവിളിച്ചുതുടങ്ങി. പാൽക്കാരത്തി പാലുകൊണ്ടുവന്നപ്പോൾ പടിവാതിൽ തുറന്നു മലർത്തിയിട്ടിരിക്കുന്നതു കണ്ടു. അരുണകിരണങ്ങൾ ഗോപാലമേനോനെ ജന്നലിലൂടെ എത്തിനോക്കി. അദ്ദേഹം എന്നും അങ്ങിനെയാണ്. നേരത്തെ എഴുന്നേല്ക്കുന്ന പതിവില്ല. ലക്ഷ്മിക്കുട്ടിയമ്മ, അദ്ദേഹത്തെ കുലുക്കി വിളിച്ചു. 'ദേ...ദാ... ഒന്നെണീക്ക ദേ—ണേ'

'ഏ—ഹേ—എന്താ—എന്താ' സംഭ്രമിച്ചുകൊണ്ടു ഗോപാലമേനോൻ പിടഞ്ഞെഴുന്നേററു.

'ഗോപിയെ, ഇവിടെയെങ്ങും കാണാല്ല' ലക്ഷ്മിക്കുട്ടിയമ്മ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു. രണ്ടു കണ്ണിൽനിന്നും വെള്ളം 'ർർർർർ...'ന്നൊഴുകിയിരുന്നു.

അദ്ദേഹം, കണ്ണു തിരുമ്മി, നാലുപാടും നോക്കി വേഗമിറങ്ങി താഴത്തുവന്നു. 'ഗോപീ...ഗോപീ...' ഒന്നു വിളിച്ചുനോക്കി. ഉത്തരമില്ല. അദ്ദേഹത്തിൻെറ തലചുററി, ബുദ്ധി മന്ദിച്ചു. ചാരുകസേരയിലേക്കു മറിഞ്ഞുവീണു.

തൊട്ടവീട്ടിൽനിന്ന് സുകുമാരനും, ഭാര്യയും പരിഭ്രാന്തരായോടിവന്നു. ലക്ഷ്മിക്കുട്ടിയമ്മ താടിക്കു കൈകൊടുത്തുമ്മറപ്പടിയിൽത്തന്നെ നിൽക്കുന്നുണ്ടായിരുന്നു.

"അല്ല, ലക്ഷ്മിക്കുട്ട്യേമ്മെ, ലീല ഇങ്ങട്ടെങ്ങാനും വന്നോ ാ; അവളെ അവിടെ കാണ്മാനില്ല".

—അപ്പുകുട്ടൻനായര്,
(പൂർവ്വവിദ്യാർത്ഥി.)







Sketches by

M. G. SANKARA NARAYANAN (J. I.)

# MY PUNCTUALITY

by

P. INDIRA (J. I.)

Punctuality is theoretically a precious virtue which every human being should wish to cultivate—if possible, I suppose. It is a plant which attained full growth in western countries at a very early time, but in our own country, or rather in our hemisphere, its germinative power has always been rather low. There has therefore come into existence here a new stunted variety called Indian punctuality. We have accepted it though shamefacedly, as a fact in life.

The seed of punctuality was never even sown in me at any time.

Of a Monday morning I set myself to the task of looking for my books which I threw into the four corners of my room on Friday when I came back from school. There lies before me a limitless ocean of homework to be done for the day. There never seems to be time enough. I have, in addition, to bathe and dress and eat, and just one hour to do all this and more. I often blame God for setting me such back-breaking tasks. My work half done and half neglected, I find myself ready by about ten-thirty —half an hour or so after school has started.

I never was in time; without the expenditure of a single pie I earned the famous title of L. C. G., (late coming girl). I became proud of my title. The sound of it became a sweet melody to my ears. I never did home work on or before the due date. A reputation for punctuality never stained my character.

In a few months there came the most odious event in my life, the examination. It was the S. S. L. C, examination Even in February a look of seriousness covered the face of all my classmates. They seldom laughed or shared in my jokes. They came to the class strictly at ten and went away at four. I played or mooned about without a companion. I myself had done no work; my friends proudly claimed that they had revised this lesson and that so many times.

I myself was a stranger to revision because I had never learned anything, and I felt a secret contempt for all those girls who had been so foolish as to waste energy in revision work a whole month before the examination. Every ounce of energy costs six ounces of rice,—a hard propostion during these rationing days.

The days flew. I joked and laughed and sang till the sixteenth of March —the Sunday before the ordeal, just twenty four hours before the examination was due to start! It was a painful feeling. Suddenly I became aware of the situation. Alas! the very next day, exactly at ten o'clock, I was to answer the first paper in English in the Malabar Christian College.

My head was in a whirl. I knew not what to do, where to seek refuge, or from whom to get help.

I did not know where my books were. I had to search for them, find them, read them,—and all within twenty four hours!

And I had to do six separate subjects.

Serious for the first time in my life, I ordered that no one was to call my name that day. I locked my room from the inside and set about my great task of preparation.

My first task was to search for my books. It was really a battle with the winds.

On my shelves were some torn dusty volumes on which the spiders had built their cobwebs and lived in happiness with eggs and babies and family. The room itself looked as if it had been bombed. Such confusion and disorder prevailed there.

The clock in my study struck twelve. It seemed to be going too fast, and so I put it back so as to show eleven. I had got hold of most of my books, but my Botany was no where to be seen. I searched the length and breadth of my room, but to no purpose. I had reached a condition akin to madness, when the servant started calling me for dinner. In my great fury, disappointment, and anxiety, I howled at her like a veritable shaitan.

I heaped up in a corner all the books I had thrown on the floor, and started my search again. At last—thank God — I found it in the waste paper basket. All the diagrams had been cut and removed. I knew at once who had done this. It was that naughty little fellow my brother who, attracted by the beautiful pictures I had drawn, had committed this execrable crime. I could have killed him, but I realised that all this was the result of my own neglect My fury subsided, and I went out into the garden to collect some plants and flowers.

By the time I had finished, it was evening. It seemed to me that the hours had only twenty or thirty minutes that day. Another complication was added by the arrival of some relations who were on their way to the Zamorin's College where a splendid dance programme to be gone through by G. Anna Poorna that evening. All thought of examinations instantly flew from my mind. Even if a hundred examinations were to come, it would not have mattered. Nothing would prevent me from going to the performance. Some of the women seemed surprised and asked me to stay at home and read, but I told them that I had been doing revision work all those days and that nothing more remained to be studied. Also I pleaded that the entertainment would freshen me up for the next day's work.

By the time I returned home it was ten at night. I had my food. Then I found that my eyes began to close automatically every time I looked at the pages of my English text. I planned to wake up at two in the morning and do some cramming for six or seven hours. I wound up the time piece and adjusted the alarm so as to ring at two, kept it near my bed, and slept soundly.

Just a few minutes later, as it seemed to me, a terrible sound jarred on my ears. I sprang up from my bed and looked around in perplexity. I then realised that it was the time-

